ഡി3/1852/2006
പോലീസ് ഹെഡ്ക്വാർട്ടേഴ്സ്,
കേരള, തിരുവനന്തപുരം
തീയതി; 10/09/2009.

<u>പ്രസിദ്ധീകരണാർത്ഥം</u>

പുറം രാജ്യങ്ങളിൽ പൗരത്വമോ ജോലി സാദ്ധ്യതയോ അന്വേഷിക്കുന്നവർക്ക് പോലീസ് ക്ളീയറൻസ് സർട്ടിഫിക്കറ്റ് (പി.സി.സി.) അനിവാര്യമാണ്. മിക്കവാറും സന്ദർഭങ്ങളിൽ വളരെ ഹ്രസ്വമായ സമയം മാത്രമേ പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് അനുവദിക്കാറുള്ളു. ഇക്കാരണത്താൽ തന്നെ പോലീസ് ക്ളീയറൻസ് സർട്ടിഫിക്കറ്റ് തരപ്പെടുത്തുകയെന്നത് സാധാരണക്കാരന് ശ്രമകരമാണ്.

അപേക്ഷകരിൽ അധികം പേർക്കും പി.സി.സി. അനുവദിക്കാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണെന്ന് അറിവുണ്ടാകണമെന്നില്ല. അതിനാൽ അധികം പേരും പോലീസ് സ്റ്റേഷനുകളിലും മറ്റ് പോലീസ് ആഫീസുകളിലും അപേക്ഷയുമായി കയറിയിറങ്ങുന്ന അവസ്ഥയാണുള്ളത്.

ഈ സാഹചര്യത്തിൽ പി.സി.സി. അനുവദിക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന വിവരങ്ങൾ ഏവരുടേയും ശ്രദ്ധക്കായി പരസ്യപ്പെടുത്തുന്നു.

(i). അതാത് ജില്ലാ പോലീസ് സൂപ്രണ്ട്/സിറ്റി പോലീസ് കമ്മീഷണർമാരെയാണ് പി.സി.സി. നൽകുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ളത്.

(ii). എസ്.എസ്.എൽ.സി. ബുക്കിൻെറയോ/റേഷൻ കാർഡിൻെറയോ/ ഇലക്ട്രൽ ഐ.ഡി. കാർഡിൻെറയോ പകർപ്പും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫുമായി വെള്ളപേപ്പറിൽ പി.സി.സി. ആവശ്യമായി വരുന്ന സാഹചര്യം വെളിപ്പെടുത്തുന്ന അപേക്ഷ അതാത് ജില്ലാ/സിറ്റി പോലീസ് ആഫീസിലെ ഡി.വൈ.എസ്.പി. (അഡ്മിൻ)/എ.സി.(അഡ്മി)ന് നേരിട്ടു ഹാജരായി അപേക്ഷ സമർപ്പിക്കണം.

(iii). പരിശോധനാ ഉദ്യോഗസ്ഥർ താമസ സ്ഥലത്ത് നേരിട്ട് വന്ന് ബ ന്ധപ്പെട്ട റിക്കാർഡുകൾ പരിശോധിക്കുന്നതാണ്.

(iv). പോലീസ് ക്ളിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വേണ്ടി യാതൊരു വിധ ഫീസുകളും ഈടാക്കേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. (ഗവൺമെൻറ് നംപർ; 13660/ജി2/07/ഹോം തീയതി 27/5/09).

(v). പരിശോധനക്കു ശേഷം അനുവദനീയമാണെങ്കിൽ സർട്ടിഫിക്കറ്റ് അതാത് ജില്ലാ/സിറ്റി പോലീസ് ആഫീസിൽ നിന്നും ലഭിക്കുന്നതാണ്.

S/d

പോലീസ് ഡയറക്ടർ ജനറലിനുവേണ്ടി